"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ സെന്റ് പോൾസ് ഹൈസ്കൂളിലെ യു.പി.എസ്.ടി. (തമിഴ്) അധ്യാപികയായ ശ്രീമതി. ജോന.എ.യുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് സ്കൂൾ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.10354/2025/GEDN തീയതി,തിരുവനന്തപുരം, 19-12-2025

---

പരാമർശം:-

1. മാനേജർ, സെന്റ് പോൾസ് ഹൈസ്കൂൾ, കൊഴിഞ്ഞാമ്പാറ, പാലക്കാട് സർക്കാരിലേക്ക് സമർപ്പിച്ച 25.05.2025 തീയതിയിലെ റിവിഷൻ ഹർജി.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 03/04/2025 തീയതിയിലെ ഇ.എം.1/6911/2025/ഡിജിഇ നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ സെന്റ് പോൾസ് ഹൈസ്കൂളിലെ യു.പി.എസ്.ടി. (തമിഴ്) അധ്യാപികയായ ശ്രീമതി. ജോന എ. യുടെ 01/06/2018 മുതൽക്കുള്ള യു.പി.എസ്.ടി. തമിഴ് നിയമനം അംഗീകരിച്ച് ഉത്തരവാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (1) റിവിഷൻ ഹർജി സർക്കാരിലേക്ക് ലഭ്യമാക്കിയിരുന്നു.

2. സർക്കാർ പരാമർശം (1) പ്രകാരം സമർപ്പിച്ചിട്ടുള്ള റിവിഷൻ ഹർജ്ജി പരാമർശം (2) പ്രകാരമുള്ള റിപ്പോർട്ടിന്റെയും നിലവിൽ പ്രാബല്യത്തിലുള്ള ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കൊഴിഞ്ഞാമ്പാറ സെന്റ് പോൾസ് വിദ്യാലയത്തിൽ 2018-19 അധ്യയനവർഷത്തിലെ പ്രതീക്ഷിത യു.പി.എസ്.ടി. (തമിഴ്) അധിക തസ്തികയിൽ ശ്രീമതി.ജോന.എ. യെ 01/06/2018 മുതൽ മാനേജർ നിയമിച്ചു. 2018-19 തസ്തിക നിർണയ ഉത്തരവുപ്രകാരം യു.പി.എസ്.ടി തമിഴ് അധിക തസ്തിക അനുവദിച്ചു നല്കിയിട്ടില്ലാത്തതിനാൽ ടിയാൾക്ക് നിലനിൽക്കുവാൻ വ്യവസ്ഥാപിതമായ ഒഴിവില്ലാത്തതിനാലും ടി നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. നിയമനം നിരസിച്ചതിനെതിരെ മാനേജർ സമർപ്പിച്ച പുനഃപരിശോധന ഹർജി 2018-2019 അധിക തസ്തിക അനുവദിക്കാതെയാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത് എന്ന കാരണത്താൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ നിരസിച്ചു. സർക്കാർ കത്ത് നം. B3/158/2022/Gedn തീയതി 16.10.2024 പ്രകാരം രൂപമാറ്റം വരുത്തിയ കെട്ടിടങ്ങൾ തസ്തിക നിർണയത്തിന് പരിഗണിക്കുന്നത് വ്യവസ്ഥയുള്ളതിനാൽ ടി സ്കൂളിൽ ഓപ്പൺ ഓഡിറ്റോറിയത്തിനായി രൂപമാറ്റം വരുത്തിയത് ടി വ്യവസ്ഥകൾ പ്രകാരം തസ്തിക നിർണയത്തിന് പരിഗണിച്ച്, 08.01.2024 തീയതിയിലെ സ.ഉ.(സാധാ)നം.217/2024/പൊ.വി.വ. ഉത്തരവിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഡിവിഷനുകൾ പുനഃക്രമീകരിച്ചതിനാൽ

മലയാളം യു.പി.എസ്.ടി. 12 തസ്തികകളും തമിഴ് യു.പി.എസ്.ടി. 9 തസ്തികകളും അനുവദിച്ചു. ആയതിനാൽ 2018-19 എൽ.ജി.(ഹിന്ദി) 1, യു.പി.എസ്.ടി. മലയാളം-2, യു.പി.എസ്.ടി തമിഴ്-3 എന്നീ തസ്തികകൾ കൂടി ജില്ലാ വിദ്യാഭ്യാസ ഓഫീസർ അധികമായി അനുവദിച്ചു.

3. പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ സെന്റ് പോൾസ് ഹൈസ്കൂളിലെ പുതുതായി ആരംഭിച്ചവയുടെ ഗണത്തിൽപെടുന്നവയല്ല. മാനേജർ, ടി സ്കൂളിൽ 2016-17 മുതൽ 2019-20 വരെ നടത്തിയ 08 അധ്യാപക/അനധ്യാപക നിയമനങ്ങൾ അംഗീകരിക്കുന്നതിലേക്കായി 06/02/21-ലെ സ.ഉ.(പി)നം. 4/2021/പൊ.വി.വ. 26/02/2021-ലെ സർക്കുലർ നം.എച്ച് 2/19500/2021 എന്നിവയിൽ നിഷ്കർഷിച്ച പ്രകാരം, സംരക്ഷിതാധ്യാപകരെ നിയമിക്കുന്നതിനായി ഒഴിവുകൾ മാറ്റി വെച്ചിട്ടുണ്ടെന്ന്/ഭാവിയിലുണ്ടാകുന്ന ഒഴിവുകൾ മാറ്റിവെക്കുന്നതാണെന്നും കെ.ഇ.ആർ. അധ്യായം XXI, ചട്ടം 7 (2) പ്രകാരമുള്ള സംരക്ഷിത അധ്യാപക നിയമന വ്യവസ്ഥകൾ ബഹു.സുപ്രീം കോടതി ബഹു:ഹൈക്കോടതി, വിധികൾക്ക് വിധേയമായി പാലിക്കുന്നതാണെന്നും ഉള്ള സത്യപ്രസ്താവന മാനേജർ സമർപ്പിച്ചിട്ടുണ്ട് എന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിട്ടുണ്ടെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. മേൽ സാഹചര്യത്തിൽ സെന്റ് പോൾസ് എച്ച്.എസ്. കൊഴിഞ്ഞാംപാറയിലെ യു.പി.എസ്.ടി. തമിഴ് മീഡിയം തസ്തികയിലെ ശ്രീമതി ജോന എ. യുടെ നിയമനം 01/06/2018 മുതൽ (2018-19 അധ്യയന വർഷത്തിലെ അധിക തസ്തികയിൽ) ആയതിനാൽ, മറ്റ് എല്ലാ വിധത്തിലും ക്രമ പ്രകാരമെങ്കിൽ, സ.ഉ(അച്ചടി)നം.4/2021/പൊ.വി.വ. തീയതി 06/02/2021 പ്രകാരം 15/07/2018 മുതൽ നോഷണലായും 06/02/2021 മുതൽ ആനുകൂല്യങ്ങളോടും അംഗീകരിക്കാവുന്നതാണെന്ന് പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ടും അപ്രകാരം പരാമർശം (1) റിവിഷൻ ഹർജി തീർപ്പാക്കിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K J SALINI
അഡിഷണൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്.
മാനേജർ, സെന്റ് പോൾസ് ഹൈസ്കൂൾ, കൊഴിഞ്ഞാമ്പാറ, പാലക്കാട്.
ശ്രീമതി.ജോന എ, യു.പി.എസ്.ടി തമിഴ്, സെന്റ് പോൾസ് ഹൈസ്കൂൾ, കൊഴിഞ്ഞാമ്പാറ, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
Date: 19-12-2025 15:44:27

സെക്ഷൻ ഓഫീസർ